(ജി) ഇതിന്റെ പ്രധാന കാരണങ്ങൾ ഏതൊക്കെ അടിസ്ഥാനത്തിലാണെന്ന് വല്ല പഠനവും ഗവൺമെന്റോ ഗവൺമെന്റിതര സംഘടനകളോ നടത്തിയതായി അറിയുമോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) ആത്മഹത്യയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അതിന്റെ വരുംവരായ്കകളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ നടപടികൾ ഇനിയും സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം (ഒന്ന്) ആയി ചേർത്തിട്ടുണ്ട്. †

(ബി)&(സി) ആത്മഹത്യാ നിരക്ക് വർഷാവർഷം വർദ്ധിക്കുന്നു എന്നത് ശരിയല്ല. ആത്മഹത്യകളുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. †

(ഡി) ആത്മഹത്യാ നിരക്ക് സംബന്ധിച്ച് 2001-ൽ നടത്തിയ താരതമ്യപഠനം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. †

(ഇ) കേരളത്തിൽ.

(എഫ്), (ജി) &(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

ബേപ്പൂരിലെ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ

30 [1545] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂരിലെ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 3.94 ഏക്കർ സ്ഥലം കൈമാറുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയതായി 31-1-2005-ന് സഭയിൽ നൽകിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കെ, സ്ഥലം ലഭിച്ചിട്ടില്ലെന്നും പദ്ധതി ഉപേക്ഷിക്കേണ്ടിവരുമെന്നുമുള്ള കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറലിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കോസ്റ്റ് ഗാർഡിന് എത്രയും വേഗം ഭൂമി കൈമാറി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം III, III (എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly